"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ്-സംസ്ഥാന ജലഗതാഗത വകുപ്പ്-വാർഷിക പദ്ധതി 2025-26- ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് ആപ്പ് നടപ്പിൽ വരുത്തുന്നതിനും ആൻഡ്രോയിഡ് ടിക്കറ്റ് വെൻഡിംഗ് മെഷീൻ വാങ്ങുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.313/2025/TRANS തീയതി,തിരുവനന്തപുരം, 09-07-2025

---

പരാമർശം:- 1) സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 30.01.2025 ലെ SWTDHO/533/2024-C1 നമ്പർ കത്ത്

2) 02-06-2025-ൽ കൂടിയ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലെ 1 (6) നമ്പർ തീരുമാനം

**ഉത്തരവ്**

സംസ്ഥാന ജലഗതാഗത വകുപ്പ് നിലവിൽ ഉപയോഗിച്ച് വരുന്ന ടിക്കറ്റ് വെൻഡിംഗ് മെഷീനുകൾക്ക് കാലപ്പഴക്കം ചെന്നതിനാൽ ടിക്കറ്റ് വിതരണത്തിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായും ഇത് യാത്രാ സർവ്വീസുകളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നതിനാൽ ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് ആപ്പ് നടപ്പിൽ വരുത്തുന്നതിനും, ആൻഡ്രോയിഡ് ടിക്കറ്റ് വെൻഡിംഗ് മെഷീൻ വാങ്ങുന്നതിനും 5056-00-104-97-Equipment & workshop എന്ന ശീർഷകത്തിൽ 2.3 കോടി + ജി.എസ്.ടി ചെലവഴി ക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ജലഗതാഗത വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) 02/06/2025-ലെ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് ആൻഡ്രോയിഡ് ടിക്കറ്റ് വെൻഡിംഗ് മെഷീൻ വാങ്ങുന്നതിനും ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് ആപ്പ് നടപ്പിൽ വരുത്തുന്നതിനുമുള്ള 2,71,40,000/- രൂപയുടെ പ്രൊപ്പോസൽ അംഗീകരിക്കുകയുണ്ടായി.

3) പരാമർശം (1) ലെ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ജലഗതാഗത വകുപ്പിന് ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് ആപ്പ് നടപ്പിൽ വരുത്തുന്നതിനും ആൻഡ്രോയിഡ് ടിക്കറ്റ് വെൻഡിംഗ് മെഷീൻ വാങ്ങുന്നതിനും 2,71,40,000/- രൂപ 5056-00-104-97-Equipment & workshop എന്ന

ശീർഷകത്തിൽ നിന്നും വിനിയോഗിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

4) 31-03-2026 നുള്ളിൽ പൂർത്തീകരിയ്ക്കേണ്ട ഈ പദ്ധതിയുടെ പ്രോജക്ട് മാനേജർ സംസ്ഥാന ജലഗതാഗത വകുപ്പ് മെക്കാനിക്കൽ എഞ്ചിനീയർ ആയിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
മെക്കാനിക്കൽ എഞ്ചിനീയർ, ജലഗതാഗത വകുപ്പ്, ആലപ്പുഴ
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്(ഔദ്യോഗിക വെബ് സൈറ്റി പ്രസിദ്ധീകരിയ്ക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Biju N
സെക്ഷൻ ഓഫീസർ
Date: 10-07-2025 12:11:16